**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3098 23/03/2015-ൽ മറുപടിയ്ക്ക്

# ജൈവ പച്ചക്കറി കർഷകർക്ക് പരിശീലനവും സബ്സിഡിയും

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എം.ചന്ദ്രൻ** | | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) | പച്ചക്കറികളിൽ സ്വയം പര്യാപ്തത നേടുന്നതിനും ജൈവ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷകർക്ക് പ്രത്യേക പരിശീലനവും സബ്സിഡിയും നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) | പാലക്കാട് ജില്ലയിൽ ഇതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്? | ബി) പാലക്കാട് ജില്ലയിൽ സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾ നടപ്പിലാക്കാനായി ആകെ 4.2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.<br>1. മട്ടുപ്പാവ് കൃഷിയ്ക്കായി 2,000/- രൂപ വില വരുന്ന 25 ഗ്രോബാഗുകൾ അടങ്ങുന്ന 2000 ഗ്രോബാഗ് യൂണിറ്റുകൾ 1,500/- രൂപ സബ്സിഡിയോടെ നല്കി വരുന്നു.<br>2. 13 ഗവൺമെന്റ്/ ഗവൺമെന്റിതര സ്ഥാപനങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി സഹായം നല്കി വരുന്നു. |

3. ക്ലസ്റ്റർ അടിസ്ഥാനത്തിൽ 5 ഹെക്ടർ വീതം വാണിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് 66 ക്ലസ്റ്ററുകൾക്ക് സഹായം നല്കുന്നു.
4. ക്ലസ്റ്ററുകൾക്ക് പമ്പുസെറ്റുകൾ, സസ്യ സംരക്ഷണ ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും പ്രവർത്തന ചിലവ്, നൂതന പ്രവർത്തനങ്ങൾ എന്നിവയ്ക്കും ധനസഹായം നല്കുന്നു.
5. സ്റ്റാഗേർഡ് ക്ലസ്റ്റർ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി പച്ചക്കറി കൃഷി ചെയ്യുന്നതിന് 2866.4 ഹെക്ടർ കൃഷി ചെയ്യുന്നതിന് ധനസഹായം നല്കുന്നു.
6. വീട്ടുവളപ്പിലെ കൃഷിയ്ക്കായി 215700 പച്ചക്കറി വിത്തുകിറ്റുകൾ വിദ്യാർത്ഥികൾക്കും വീട്ടമ്മമാർക്കും വിതരണം ചെയ്തു. NGO-കൾ മുഖേന 16000 പച്ചക്കറി വിത്തു കിറ്റുകൾ വിതരണം ചെയ്തു.
7. 210 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനും അവർക്ക് പ്രവർത്തന ചിലവ്, ജലസേചന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള ചിലവ് എന്നിവയ്ക്കും ധനസഹായം നല്കി.
8. ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ വിപണന സഹായത്തിനായി 2 ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു.
9. സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനത്തോട്ടങ്ങൾ, മഴമറ ഉപയോഗിച്ചുള്ള പച്ചക്കറി കൃഷി,

വളപ്രയോഗത്തോടുകൂടിയ സൂക്ഷ്മ ജലസേചനം, സങ്കര പച്ചക്കറിയിനങ്ങൾ ഉപയോഗിച്ചുള്ള പരീക്ഷണത്തോട്ടങ്ങൾ എന്നിവ നടപ്പിലാക്കുന്നതിന് ധനസഹായം നല്കുന്നു.

10. 250 ഹെക്ടറിൽ പയറു വർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് ധനസഹായം നല്കുന്നു.

11. 55 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ധനസഹായം.

12. 2013-14-ലും, 2014-15-ലും മികച്ച ക്ലസ്റ്ററുകളിലായി ഗ്രേഡു ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് പ്രവർത്തനത്തിന് ധനസഹായം നല്കുന്നു.

13. പ്രവർത്തന മികവു കാണിച്ച 42 ക്ലസ്റ്റുകൾക്ക് ധനസഹായം നല്കുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പാലക്കാട് ജില്ലയിൽ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഫോർ അർബൻ ക്ലസ്റ്റേഴ്സ് പദ്ധതി വഴി സന്നദ്ധ സംഘടനകൾ, കർഷക കൂട്ടായ്മകൾ എന്നിവർക്കായി വിഷവിമുക്ത പച്ചക്കറികൾ ഉത്പാദിപ്പിക്കുവാനും ജൈവകൃഷി രീതി പ്രോത്സാഹിപ്പിക്കുവാനും മാനവ വിഭവശേഷി വികസനം പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. 62 ഹെക്ടർ സ്ഥലത്ത് തുറസ്സായ പച്ചക്കറി കൃഷിക്കായും 2 ലക്ഷം പച്ചക്കറി തൈകൾ സൗജന്യമായി വിതരണം ചെയ്യാനും പദ്ധതിയിൽ നിന്നും ധനസഹായം നൽകിയിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ, ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കാമ്പെയിനുകളും പരിശീലന ക്ലാസ്സുകളും വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംഘടിപ്പിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ